**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1341** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>റോഡ് സുരക്ഷയ്ക്കും അപകടങ്ങൾ കുറയ്ക്കുന്നതിനും നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. സുധീർഷാ പാലോട്

ശ്രീ. എം. ആർ. ബൈജു

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** റോഡു സുരക്ഷ ഉറപ്പാക്കുന്നതിനും ട്രാഫിക് നിയമപാലനം കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനായി റോഡ് സേഫ്റ്റി അതോറിറ്റി മുഖേന ചുവടെ കാണുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

- **സേഫ് കേരള പദ്ധതി** - 24 മണിക്കൂറും ഗതാഗത നിരീക്ഷണം നടത്തിയും, ട്രാഫിക് നിയമലംഘനങ്ങൾ തടഞ്ഞും അപകടങ്ങൾ കുറയ്ക്കാൻ ആവിഷ്കരിച്ച പദ്ധതിയാണിത്.
- **ബ്ലാക്ക് സ്പോട്ട് മാനേജ്മെന്റ് സ്റ്റഡി** - 323 അപകട സാധ്യത മേഖലകൾ കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് റോഡ് സേഫ്റ്റി അതോറിറ്റി 10 ലക്ഷം രൂപ വീതം അനുവദിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത തുകയിൽ നിന്നും 5 ലക്ഷം രൂപ വീതം അനുവദിച്ച് നല്കിയിട്ടുണ്ട്.
- **സ്കൂൾ സോൺ സുരക്ഷാ പരിപാടി** - 100 സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ പരിശീലനം നൽകുന്നതിന് ഓരോ സ്കൂളിനും ₹50,000/-രൂപ വീതം അനുവദിച്ചു.
- **സേഫ് സ്കൂൾ സോൺ പദ്ധതി** - തെരഞ്ഞെടുത്ത 50 സ്കൂൾ മേഖലകളിൽ നടപ്പാത, കൈവരി, സീബ്രാ ക്രോസിങ്, സൈൻബോർഡുകൾ എന്നിവ സ്ഥാപിയ്ക്കുന്നതിനായി പൊതുമരാമത്ത് (നിരത്തുകൾ) വകുപ്പിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്.
- **Safe Road to School Project**- NATPAC വഴി 100 സ്കൂൾ മേഖലയിലെ സുരക്ഷ ഉറപ്പാക്കൽ
- **മരച്ചില്ലകളും ഫ്ളെക്സ് ബോർഡുകളും നീക്കം** - അനധികൃത ബോർഡുകൾ നീക്കംചെയ്യാൻ പൊതു ഉത്തരവുകൾ.
- **ഓവർലോഡഡ് വാഹനങ്ങൾക്കുള്ള സംയുക്ത എൻഫോഴ്സ്മെന്റ്** - പോലീസ്, ആർ.ടി.ഒ, റവന്യൂ, ലീഗൽ മെട്രോളജി, മൈനിംഗ് വകുപ്പുകളുമായി ചേർന്നു സംയുക്ത എൻഫോഴ്സ്മെന്റ് നിർവ്വഹിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.
- **ഹൈസ്പീഡ് ബൈക്ക് സ്റ്റണ്ടുകൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ.** ഓൺലൈൻ പ്ലാറ്റ്ഫോമുകളിലുള്ള (യൂട്യൂബ്) അപകടകരമായ വീഡിയോകൾ നീക്കം ചെയ്യാനുള്ള നിർദ്ദേശം.
- **നടപ്പാത നിർമ്മാണം** - ബഹു.ഹൈക്കോടതി ഉത്തരവനുസരിച്ച് 13 അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ ഫുട്പാത്ത് നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

- **റോഡ് സുരക്ഷാ ബോധവത്ക്കരണം –** FM, KSRTC ബസുകൾ, റെയിൽവേ സ്റ്റേഷനുകൾ വഴി ജിംഗിളുകൾ, KSRTC കാർഡ് വഴിയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങൾ
- **ആൽക്കോമീറ്റർ വിതരണം –** KSRTCക്കും പൊലീസിനും ഡ്രൈവർമാരുടെ മദ്യപാന പരിശോധനക്കായി ആൽക്കോമീറ്റർ വാങ്ങുന്നതിന് ഫണ്ട് നൽകിയിട്ടുണ്ട്.
- **ഡാഷ്ബോർഡ് ക്യാമറകൾ –** KSRTC ബസുകൾക്ക് ഡാഷ്ബോർഡ് ക്യാമറകൾ സ്ഥാപിയ്ക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.
- **ആധുനിക ഡ്രൈവിംഗ് സ്കൂളുകൾ –** KSRTC യുടെ കീഴിൽ ഡ്രൈവർ പരിശീലന കേന്ദ്രങ്ങൾക്കായി ഫണ്ട് അനുവദിച്ചുവരുന്നു.
- **NH റോഡ് വർക്ക് സോൺ സേഫ്റ്റി –** 6 ലെയിനിംഗ് construction നടക്കുന്ന സ്ട്രെച്ചുകളിൽ എൻഎച്ച്എഐ ക്ക് റോഡ് വർക്ക് സോൺ സേഫ്റ്റി പാലിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
- **KSRTC ഉദ്യോഗസ്ഥർക്ക് പരിശീലനം–** KSRTC ഉദ്യോഗസ്ഥർക്ക് റോഡ് സുരക്ഷാ പരിശീലനം നൽകുന്നതിനായി ഫണ്ട് അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.
- **സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി–** പോലീസ് വകുപ്പിന്റെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയ്ക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.
- **സേഫ് സോൺ ശബരിമല പ്രൊജക്റ്റ്** തീർത്ഥാടന കാലയളവിൽ– റോഡപകടങ്ങളും മരണങ്ങളും കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ മോട്ടോർ വാഹന വകുപ്പ് KRSA ഫണ്ട് ഉപയോഗിച്ച് നടത്തിവരുന്ന പദ്ധതിയാണ് സേഫ് സോൺ ശബരിമല പ്രൊജക്റ്റ്. ട്രാഫിക് സൈനേജുകൾ സ്ഥാപിക്കൽ, തകരാറിലാകുന്ന വാഹനങ്ങൾക്ക് സഹായം നൽകൽ, ഇടുങ്ങിയ മലയോര പാതകളിലെ ഗതാഗത നിയന്ത്രണം. വന്യമൃഗങ്ങളിൽ നിന്നുള്ള സുരക്ഷ രക്ഷാപ്രവർത്തനങ്ങൾ എന്നിവയാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ.
- **MVD 'ലീഡ്സ്' (LEADS)–** കേരള മോട്ടോർ വാഹന വകുപ്പ് (MVD), KRSA ഫണ്ട് ഉപയോഗിച്ച് വികസിപ്പിച്ച ' ലീഡ്സ് (LEADS), പുത്തൻ തലമുറയിൽ റോഡ് സുരക്ഷാ അവബോധം വളർത്താനുള്ള ഒരു സൗജന്യ മൊബൈൽ ആപ്ലിക്കേഷനാണ്. കളികളിലൂടെ കാര്യങ്ങൾ പഠിക്കുന്ന രീതിയിൽ (Gamified learning) രൂപകൽപ്പന ചെയ്ത് ഈ ആപ്പ്, റോഡ് നിയമങ്ങളും സുരക്ഷിത ഡ്രൈവിംഗ് രീതികളും ലളിതമായി മനസ്സിലാക്കാൻ വിദ്യാർത്ഥികളെ സഹായിക്കുന്നു. വീഡിയോകൾ, ക്വിസുകൾ, മോക്ക് ടെസ്റ്റുകൾ. ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ എന്നിവയടങ്ങിയ മൾട്ടിമീഡിയ ടൂളുകൾ ഇതിന്റെ പ്രധാന സവിശേഷതകളാണ്.
- ശബരിമല റോഡ് സുരക്ഷാ പദ്ധതി

  കേരള റോഡ് സേഫ്റ്റി അതോറിറ്റി (KRSA), PWD (റോഡ്സ്) മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതിയാണ് 'ശബരിമല റോഡ് സുരക്ഷാ പ്രവൃത്തികൾ. ഇതിൽ അപകട മേഖലകൾ പരിഹരിക്കൽ, ക്രാഷ് ബാരിയറുകൾ സ്ഥാപിക്കൽ, റോഡ് പെയിന്റിംഗ്, ട്രാഫിക് സുരക്ഷാ ബോർഡുകൾ സ്ഥാപിക്കൽ തുടങ്ങിയ പൊതുമരാമത്ത് ജോലികൾ ഉൾപ്പെടുന്നു.
- **ഗതാഗതക്കുരുക്ക് ലഘൂകരിക്കുന്നതിനുള്ള പരിഹാരമാർഗ്ഗങ്ങൾ–** ഗതാഗതക്കുരുക്കും അതുമൂലമുണ്ടാകുന്ന റോഡപകടങ്ങൾ ഉൾപ്പെടെയുള്ള ഗുരുതരമായ പ്രത്യാഘാതങ്ങളും പരിഗണിച്ചുകൊണ്ട്, തിരഞ്ഞെടുക്കപ്പെടുന്ന കവലകളിൽ വാഹനക്കുരുക്ക് ഒഴിവാക്കുന്നതിനായി ലഭ്യമാകുന്ന പ്രൊപ്പോസലുകൾ റോഡ് സുരക്ഷാ അതോറിറ്റിയുടെ തീരുമാനത്തിനു വിധേയമായി അംഗീകാരം നൽകി വരുന്നു.

- **ട്രാഫിക് സിഗ്നലുകൾ-** വാഹനങ്ങളുടെ തിരക്കും ആശയക്കുഴപ്പവും ഒഴിവാക്കി ഗതാഗതം സുഗമമാക്കാൻ റോഡ് ജംഗ്ഷനുകളിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുന്നതിനു KRSA ഫണ്ട് നൽകിവരുന്നു.

**<u>കെഎസ്ആർടിസി</u>**

- ഡിപ്പോ തലത്തിൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, Road Safety Authority ഉദ്യോഗസ്ഥർ, ഈ മേഖലയിലെ വിദഗ്ധൻമാർ എന്നിവരുടെ നേതൃത്വത്തിൽ മുഴുവൻ ഡ്രൈവർ കണ്ടക്ടർ വിഭാഗം ജീവനക്കാർക്കും അപകട ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നു.
- അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി പുതിയ ബസുകളിൽ" കോ പൈലറ്റ് AI ഫീച്ചർ ക്യാമറ " ഡ്രൈവർ ക്യാമറയുടെ കൂടെ ഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ സഹായത്താൽ ഡ്രൈവിംഗ് സമയത്തുള്ള ഡ്രൈവിങ്ങിന്റെ ശ്രദ്ധ തിരിക്കുന്ന ഉറക്കം, മൊബൈൽ ഉപയോഗം, പുകവലി തുടങ്ങിയവയും അമിത വേഗത അശ്രദ്ധമായ ഡ്രൈവിംഗ് എന്നിവ യഥാസമയം തന്നെ കണ്ടെത്തി അലർട്ട് ചെയ്യുന്നതിലൂടെ അപകടം ഒഴിവാക്കുന്നതിന് സാധിയ്ക്കുന്നുണ്ട്.

**(ബി)** എ.ഐ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി റോഡപകടങ്ങൾ അതിവേഗം സുരക്ഷാകേന്ദ്രങ്ങളിൽ അറിയിക്കുന്നതിനും ദ്രുതഗതിയിൽ രക്ഷാപ്രവർത്തനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള സാധ്യതകൾ പരിശോധിക്കുമോ;

**<u>മറുപടി:</u>** പുത്തൻ സാങ്കേതികവിദ്യകളായ AI ക്യാമറകൾ, അത്യാധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ, ഐ.ടി.എം.എസ് (ITMS - Intelligent Traffic Management System), സ്പീഡ് ഗവർണറുകൾ എന്നിവ പ്രയോജനപ്പെടുത്തിയും, ഐ.ആർ.എ.ഡി (iRAD - Integrated Road Accident Database) പോലുള്ള ആപ്ലിക്കേഷനുകൾ കൃത്യമായി ഉപയോഗിച്ചും ഗതാഗത നിയമലംഘനങ്ങൾ തത്സമയം കണ്ടെത്തുന്നുണ്ട്; ഇത്തരം നിയമലംഘനങ്ങളിൽ ഇ-ചലാൻ സംവിധാനം വഴി ഉടനടി പിഴ ചുമത്തി നിയമനടപടികൾ വേഗത്തിലാക്കാൻ സാധിച്ചിട്ടുണ്ട്.

**(സി)** കാൽനടയാത്രക്കാർക്കും സൈക്കിൾ സവാരിക്കാർക്കും സുരക്ഷിതമായ പാതകൾ ഒരുക്കുന്നതിനും ഫുട്പാത്തുകൾ കാൽനടയാത്രക്കാർക്ക് സുരക്ഷിതമായി ഉപയോഗിക്കാൻ കഴിയുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** റോഡ് സുരക്ഷാ പദ്ധതികളുടെ ഭാഗമായി സ്കൂളുകൾ, ആശുപത്രികൾ, വ്യാപാര കേന്ദ്രങ്ങൾ എന്നിവയ്ക്ക് സമീപം സുരക്ഷിതമായ സീബ്ര ക്രോസിംഗുകളും ആവശ്യമായ മുന്നറിയിപ്പ് ബോർഡുകളും അടിയന്തരമായി ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശ-പൊതുമരാമത്ത് വകുപ്പുകൾക്ക് കൃത്യമായ നിർദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ, കെ.ആർ.എസ്.എ (KRSA), പോലീസ് എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ കാൽനടയാത്രക്കാർക്ക് ഫുട്പാത്തുകൾ സുരക്ഷിതമായും തടസ്സമില്ലാതെയും ഉപയോഗിക്കുവാൻ കഴിയുന്ന സാഹചര്യം ഉറപ്പുവരുത്തുന്നതിനുള്ള പ്രത്യേക പരിശോധനകളും ബോധവൽക്കരണ പ്രവർത്തനങ്ങളും സംസ്ഥാനത്തുടനീളം ശക്തമാക്കി വരുന്നു.

തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ആലപ്പുഴ, കോഴിക്കോട് എന്നീ ജില്ലകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷ മെച്ചപ്പെടുത്തുന്നതിനായി 13 ഫുട്പാത്തുകളുടെ നിർമ്മാണത്തിന് റോഡ് സുരക്ഷാ ഫണ്ടിൽ നിന്ന് തുക വകയിരുത്തി പൊതുമരാമത്ത് വകുപ്പ് (PWD) ചീഫ് എഞ്ചിനീയർക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

കാനകൾക്ക് മുകളിലൂടെ നിർമ്മിച്ചിട്ടുള്ളവ ഉൾപ്പെടെയുള്ള ഫുട്പാത്തുകൾ തകർന്ന നിലയിൽ കാണപ്പെടുന്നതിനെ തുടർന്ന് അവ അടിയന്തരമായി അറ്റകുറ്റപ്പണി നടത്തി സുരക്ഷിതമാക്കുന്നതിന്

16.02.2023-ലെ A2/738/KRSA/2022 നമ്പർ ഉത്തരവ് പ്രകാരം റോഡ് ഓണിംഗ് ഏജൻസികൾക്ക് റോഡ് സേഫ്റ്റി കമ്മീഷണർ നിർദേശം നൽകിയിരുന്നു. ഇതുസംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതു നിരത്തുകളിലെയും നടപ്പാതകളിലെയും അപകടകരമായ ഇൻസ്റ്റലേഷനുകൾ, അപകടകരമായി നിൽക്കുന്ന വൃക്ഷശിഖരങ്ങൾ, കൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങൾ, മറ്റ് തടസ്സങ്ങൾ എന്നിവ പരിശോധന നടത്തി നീക്കം ചെയ്യുന്നതിനായി 07.06.2021-ലെ A2/490/KRSA/2021 നമ്പർ ഉത്തരവ് പ്രകാരം റോഡ് സേഫ്റ്റി കമ്മീഷണർ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ ചെയർമാൻമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

11.10.2023-ന് നടന്ന 47-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗത്തിലെ അജണ്ട ഇനം 4-ലെ തീരുമാനപ്രകാരം, റോഡ് സുരക്ഷയ്ക്ക് തടസ്സമുണ്ടാക്കാൻ സാധ്യതയുള്ള അപകടഹേതുക്കൾ നീക്കം ചെയ്യുന്നതിനും അതിനുള്ള ചെലവ് ഈടാക്കുന്നതിനും ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുമുള്ള അധികാരങ്ങൾ 22.12.2023-ലെ A1/342/KRSA/2010 നമ്പർ ഉത്തരവ് പ്രകാരം മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് സ്ക്വാഡിലെ ആർ.ടി.ഒമാർക്ക് കൈമാറിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**